**കേരള സർക്കാർ**
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001

**പത്രക്കുറിപ്പ്**

**2021–ലെ ഡി.എൻ.ബി. പോസ്റ്റ് എം.ബി.ബി.എസ്/ഡി.എൻ.ബി പോസ്റ്റ് ഡിപ്ലോമ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം**

2021–22 അദ്ധ്യയന വർഷത്തെ ഡി.എൻ.ബി.പോസ്റ്റ് എം.ബി.ബി.എസ്/ഡി.എൻ.ബി പോസ്റ്റ് ഡിപ്ലോമ, സ്റ്റേറ്റ് ഇൻസർവ്വീസ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള പ്രവേശനത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു. ഇതോടൊപ്പം തന്നെ ഡി .എൻ.ബി.പോസ്റ്റ് എം.ബി.ബി.എസ്/ഡി.എൻ.ബി പോസ്റ്റ് ഡിപ്ലോമ, സ്റ്റേറ്റ് ഇൻസർവ്വീസ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള ഓപ്ഷൻ രജിസ്റ്റർ ചെയ്യാനുമുള്ള സൗകര്യം വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

ഡി.എൻ.ബി.പോസ്റ്റ് എം.ബി.ബി.എസ് സ്റ്റേറ്റ് ഇൻസർവ്വീസ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്ന അപേക്ഷാർത്ഥികൾ നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ നടത്തിയിട്ടുള്ള നീറ്റ് പി.ജി. 2021 പ്രവേശന പരീക്ഷ അഭിമുഖീകരിച്ച് നിശ്ചിത യോഗ്യത നേടി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരായിരിക്കണം. കൂടാതെ ഡി.എൻ.ബി.പോസ്റ്റ് എം.ബി.ബി.എസ് 2021–22, സർക്കാർ അംഗീകൃത ഇൻഫർമേഷൻ ബുള്ളറ്റിനിൽ പ്രതിപാദിക്കുന്ന വിദ്യാഭ്യാസ യോഗ്യത/മറ്റ് യോഗ്യതകളും, നിബന്ധനകളും ബാധകമായിരിക്കും.

ഡി.എൻ.ബി പോസ്റ്റ് ഡിപ്ലോമ, സ്റ്റേറ്റ് ഇൻസർവ്വീസ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള പ്രവേശനത്തിന് അപേക്ഷാർത്ഥികൾ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമയോടൊപ്പം നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ നടത്തുന്ന DNB PDCET–2021 പ്രവേശന പരീക്ഷ അഭിമുഖീകരിച്ചുള്ള യോഗ്യതയും നേടിയിരിക്കണം. കൂടാതെ ഡി.എൻ.ബി പോസ്റ്റ് ഡിപ്ലോമ, സ്റ്റേറ്റ് ക്വാട്ട സീറ്റിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച 2021–22, സർക്കാർ അംഗീകൃത ഇൻഫർമേഷൻ ബുള്ളറ്റിനിൽ പ്രതിപാദിക്കുന്ന വിദ്യാഭ്യാസ യോഗ്യത/മറ്റ് യോഗ്യതകളും, നിബന്ധനകളും ബാധകമായിരിക്കും.**27.02.2022 രാവിലെ 10.00** മണിവരെയാണ് അപേക്ഷ സമർപ്പിക്കാനും ഓപ്ഷൻ രജിസ്റ്റർ ചെയ്യാനുമുള്ള സമയം.

ഇൻഫർമേഷൻ ബുള്ളറ്റിനും കൂടുതൽ വിവരങ്ങൾക്കും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് കാണുക.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.02.21 16:48:21 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
21/02/2022